# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in

No.213/PR/PIC/2018 Date :22.08.2018

---

**ദുരിതബാധിതർക്ക് കൈത്താങ്ങായി സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ**

മഴക്കെടുതിയോടനുബന്ധിച്ചുള്ള രക്ഷാപ്രവർത്തനങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ മറ്റ് സേനാവിഭാഗങ്ങൾക്കും രക്ഷാപ്രവർത്തകർക്കൊപ്പം പങ്കാളികളായി. കേരളത്തിലെ ആയിരത്തിലേറെ ദുരിതാശ്വാസക്യാമ്പുകളിൽ ദുരന്തത്തിൽപ്പെട്ടവർക്ക് ഭക്ഷണം നല്കാനും, മടങ്ങിയെത്തിവരെ വീട് വൃത്തിയാക്കാനും മറ്റുമുള്ള എല്ലാ സഹായങ്ങളും ചെയ്ത് അവർക്ക് കൈത്താങ്ങായിമാറിയിരിക്കുകയാണ് ഈ കുട്ടി പോലീസുകാർ. 52,000ത്തോളം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളാണ് ഈ നിതാന്തസേവനപാതയിൽ ഒത്തുചേർന്ന് പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം സിറ്റിയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ നിശാഗന്ധി, കോട്ടൺഹിൽ, എസ് എം വി , തിരുവനന്തപുരം എയർപോർട്ട് എന്നിവിടങ്ങളിലെ കളക്ഷൻ സെന്ററുകളിൽ വാളണ്ടിയർമാരായി പ്രവർത്തിച്ചു. നിശാഗന്ധി സന്ദർശിച്ച വൈദ്യുത വകുപ്പ് മന്ത്രി എം എം മണി കേഡറ്റുകളെ അഭിനന്ദിച്ചു. കൂടാതെ, ജഗതി കാരയ്ക്കാട് കോളനിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ കേഡറ്റുകൾ വീടുകൾ കഴുകി വൃത്തിയാക്കുന്നതിലും ദുരിതബാധിതർക്ക് ആശ്വാസമേകിയതിനൊപ്പം സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ സമാഹരിച്ച സാധനങ്ങൾ അവർക്ക് വിതരണം ചെയ്തു.

ക്യാമ്പുകളിൽ അഭയം തേടിയ അമ്മമാർക്കും കുട്ടികൾക്കും കേഡറ്റുകൾ സാന്ത്വനമായി. മുൻവർഷങ്ങളിൽ പരിശീലനം പൂർത്തിയാക്കി ഇപ്പോൾ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ്വ കേഡറ്റുകൾ പോലും സ്വയം സന്നദ്ധരായി ക്യാമ്പുകളിൽ സേവന പ്രവർത്തനങ്ങളിൽ എർപ്പെട്ടിരിക്കുന്നു. നോഡൽ /അസി.നോഡൽ ഓഫീസർമാർ, അദ്ധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എസ് പി സി പദ്ധതിയുടെ പരിശീലനത്തിലൂടെ അവർ നേടിയ ആത്മവിശ്വാസവും സഹജീവിസ്നേഹവും സേവന സന്നദ്ധതയും പ്രായോഗികതലത്തിൽ വരുത്തിക്കൊണ്ട് കൈമെയ് മറന്ന് പ്രവർത്തിക്കുകയാണിപ്പോഴും.




ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയോടൊപ്പം.



ദുരിതാശ്വാസ ക്യാമ്പിൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ.

**********************